**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 194** **07-10-2024 - ൽ മറുപടിയ്ക്ക്**

**കാക്കനാട് കുടുംബാരോഗ്യ കേന്ദ്രത്തിലെ ഡയാലിസിസ് യൂണിറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഉമ തോമസ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | തൃക്കാക്കര മണ്ഡലത്തിലെ കാക്കനാട് കുടുംബാരോഗ്യ കേന്ദ്രത്തിൽ എം.എൽ.എ.യുടെ ആസ്തിവികസന ഫണ്ടിൽ നിന്നും ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള തുക അനുവദിക്കുകയും ഭരണാനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | തൃക്കാക്കര മണ്ഡലത്തിലെ കാക്കനാട് കുടുംബാരോഗ്യ കേന്ദ്രത്തിൽ ഡയാലിസിസ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും അനുബന്ധ പ്രവർത്തികൾ നടപ്പിലാക്കുന്നതിനുമായി 16/01/2023 തീയതിയിലെ ജില്ലാ കളക്ടറുടെ ADCEKM/17/2023-RD4 നമ്പർ ഉത്തരവ് പ്രകാരം 1,20,00,000/-രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്താണെന്നും എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്നുമുള്ള വിശദവിവരം ലഭ്യമാക്കുമോ? | (ബി) | സർക്കാർ മാനദണ്ഡം - ആർദ്രം സ്റ്റാൻഡൈഡേസേഷൻ പ്രകാരം താലൂക്ക് തലം മുതൽ മുകളിലേയ്ക്കുള്ള ആശുപത്രികളിൽ മാത്രമേ ഡയാലിസിസ് യൂണിറ്റ് തുടങ്ങുന്നതിന് നിലവിൽ അനുമതിയുള്ളൂ. എന്നാൽ നേരത്തെ ഏതെങ്കിലും തരത്തിൽ അനുമതി നേടിയിട്ടുള്ള ഇടങ്ങളിൽ തദ്ദേശസ്ഥാപനങ്ങളുടെ ഉത്തരവാദിത്തത്തിൽ, കരാറുണ്ടാക്കി ഡയലിസിസ് യൂണിറ്റുകൾ ആരംഭിക്കാൻ കഴിയുമോ എന്നത് പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ